LIBRARY ARCHIVES Kerala Legislative Assembly

## പാറഖനന മേഖലയിലെ മലിനീകരണം

**28 (*658)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറഖനനമേഖലയിൽ മലിനീകരണ നിയന്ത്രണ ബോർഡിനുള്ള നിയന്ത്രണ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഖനന മേഖലയിലെ മലിനീകരണംമൂലം ജനങ്ങൾക്കുണ്ടാകുന്ന ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള ഉത്തരവാദിത്വം ബോർഡിൽ നിക്ഷിപ്തമാണോ ;

(സി) എങ്കിൽ ബോർഡിൽനിന്നും ഖനനത്തിനുള്ള അനുമതി നൽകുന്നതിന് മുമ്പ് പരിസരവാസികളുടെ അഭിപ്രായം തേടുകയും ന്യായമായ ആവലാതികൾക്ക് പരിഹാരമുണ്ടാക്കുകയും വേണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം 1981 എന്നിവ പ്രകാരം മലിനീകരണ നിയന്ത്രണത്തിനുതകുന്ന തരത്തിലുള്ള നിബന്ധനകൾ ഉൾപ്പെടുത്തി പാറഖനനത്തിന് അനുമതി നൽകുകയാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഈ മേഖലയിലെ ഉത്തരവാദിത്തം.

(ബി) ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ബോർഡിന്റെ അധികാരപരിധിയിൽ വരുന്നില്ല. ഇത് ആരോഗ്യവകുപ്പ് നടപടി എടുക്കേണ്ട വിഷയമാണ്.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല. ജലമലിനീകരണവും വായുമലിനീകരണവും സംബന്ധിച്ച പരാതികൾ ലഭിച്ചാൽ പരാതി പരിശോധിച്ച് ബന്ധപ്പെട്ടവരെ നേരിൽ കേട്ട് ബോർഡ് നടപടി സ്വീകരിക്കാറുണ്ട്.